ട്രാൻസ്ഫർ നൽകുന്നതിന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കോ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കോ അധികാരമില്ല.

(ഡി) സെക്രട്ടറി, മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയ്ക്കാണ് അപേക്ഷ നൽകേണ്ടത്.

(ഇ) നിലവിലുള്ള നിയമപ്രകാരം രണ്ടാംവർഷ എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ നൽകുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുവാദം ആവശ്യമാണ്.

216 (2532) അന്യായമായ സസ്പെൻഷൻ പിൻവലിക്കുന്നതിന് നടപടി

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വീസ് റൂൾസ് (സി.സി.എ) 10(3) പ്രകാരം ജീവനക്കാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ വെളിപ്പെടുത്തുമോ;

(ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 5.1.2000ത്തിലെ എച്ച്1/32/2000 ഉത്തരവ് പ്രകാരം ശിക്ഷാനടപടിക്ക് വിധേയരായ ജീവനക്കാരൻ സർവ്വീസ് റൂൾസ് 10(3)(സി.സി.എ) അനുശാസിക്കുന്ന സമയപരിധിയിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് തെളിയിക്കുന്ന രേഖ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ 48 മണിക്കൂറിൽ താഴെ മാത്രം ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞ പ്രസ്തുത ജീവനക്കാരനെ സസ്പെന്റുചെയ്യാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് ക്രമവിരുദ്ധമാണെങ്കിൽ അത് പിൻവലിച്ച് പ്രസ്തുത ജീവനക്കാരനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സിവിൽ സർവ്വീസ് (സി.സി&എ) റൂൾസിലെ റൂൾ 10(3) പ്രകാരം ഒരു സർക്കാർ ജീവനക്കാരൻ ക്രിമിനലായോ, അല്ലാതെയോ 48 മണിക്കൂറിൽ കൂടുതൽ കസ്റ്റഡിയിൽ വയ്ക്കപ്പെട്ടാൽ അയാളെ കസ്റ്റഡിയിൽ എടുത്ത ദിവസം മുതൽ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവ് നൽകേണ്ടതും മേലുത്തരവുണ്ടാകുന്നതുവരെ സസ്പെൻഷനിൽ തുടരേണ്ടതുമാണ്.

(ബി)&(സി) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ 16.12.'99ലെ റിപ്പോർട്ടനുസരിച്ച് ഐ.പി.സി.307 വകുപ്പ് പ്രകാരം ചാർജ് ചെയ്ത 159/99 എന്ന ക്രിമിനൽകേസിലെ പ്രതിയായ ജീവനക്കാരനെയാണ് സസ്പെന്റ് ചെയ്തത്.

(ഡി) പ്രസ്തുത ജീവനക്കാരന്റെ ഇത്തരത്തിൽ ഒരു പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly